# മനുഷ്യനോടും ദൈവത്തോടും നിരപ്പാകുക

ഈ ബൈബിൾ പഠനത്തിലൂടെ തിരുവചനം നിരപ്പിനെക്കുറിച്ച് എന്തു പറയുന്നു എന്ന് പരിശോധിക്കുവാൻ നിങ്ങളെ സഹായിക്കാം. ഈ പഠനം വ്യക്തിപരമായോ, ചെറിയ ബൈബിൾ പഠന കൂട്ടമായോ പഠിക്കാവുന്നതാണ്. സമയം എടുത്ത് ഈ കാര്യങ്ങൾ സ്വന്ത ജീവിതത്തേയും നിങ്ങളുടെ ശുശ്രൂഷയേയും എങ്ങനെ ബാധിക്കും എന്ന് പരിശോധിക്കുക:-

താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുക. കുറിച്ചിരിക്കുന്ന വചനങ്ങളിൽ നിങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താൻ കഴിയും. കൂടുതൽ മനസ്സിലാക്കുവാൻ കുറിച്ചിരിക്കുന്ന വാക്യങ്ങൾ കൂടെ നോക്കുന്നത് സഹായകരമായിരിക്കും.

1. യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതലായ ദൂത് എന്താണ്? *(ലൂക്കോ. 24:47; അപ്പൊ. പ്രവൃ. 26:18)*

2. ക്ഷമ പ്രാപിക്കേണ്ടതിന് നാം ചെയ്യേണ്ടുന്നത് എന്താണ്? *(സങ്കീ. 32:1-5; 1 യോഹ. 1:8-10)*

3. ക്ഷമിക്കപ്പെടുന്നതിന്റെ പ്രയോജനങ്ങൾ എന്തെല്ലാം? *(റോമർ 6:23; യാക്കോബ് 5:16; അപ്പൊ. പ്രവൃ. 3:19-20)*

4. നമ്മോട് തെറ്റുചെയ്തവരോട് എന്തുകൊണ്ട് ക്ഷമിക്കണം? *(മത്തായി 6:12, 14-15, 18:22-35)*

5. നിങ്ങൾക്കെതിരായി തുടർച്ചയായി പാപം ചെയ്യുന്നവരോടുള്ള നിങ്ങളുടെ മനോഭാവം എന്തായിരിക്കണം? *(മത്തായി 18:21-22; കൊലൊ. 3:13)*

6. എന്താണ് മാനസാന്തരം എന്നത്? *(ലൂക്കോസ് 3:8; 2 കൊരി. 7:9-10)*



7. ഒരു വ്യക്തിയ്ക്ക് തന്റെ സ്വഭാവത്തെ എങ്ങനെ രൂപാന്തരപ്പെടുത്തുവാൻ കഴിയും? *(റോമർ 7:25 (18-25); എബ്രായർ 12:24)*

8. ചെറിയ കൂട്ടം ചർച്ചയ്ക്കുള്ള ചോദ്യം:
   നിങ്ങൾ വേദനിപ്പിച്ച നിങ്ങളുടെ സുഹൃത്തിനോട്/ഭർത്താവിനോട്/ ഭാര്യയോട് എങ്ങനെ ക്ഷമചോദിക്കും.

9. വ്യക്തിപരമായ ആത്മശോധനയ്ക്ക്:
   ദൈവത്തെ വേദനിപ്പിച്ചതിന് നിങ്ങൾ എങ്ങനെ ദൈവത്തോട് ക്ഷമ ചോദിക്കും?